നം.1178/ഇ2/2010/കെഎസ്എച്ച്ഒ 31/08/2019

# കുടുംബശ്രീ ആന്തരിക തസ്തികമാറ്റം (കരാർ) വഴിയുള്ള നിയമനം

## വിജ്ഞാപനം – 6 (Code : DPMMEMF)

കുടുംബശ്രീ മിഷന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന, നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള കരാർ ജീവനക്കാരിൽ നിന്നും **വിവിധ ജില്ലാ മിഷനുകളിലെ** ഒഴിവുള്ള തസ്തികകളിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | **തസ്തിക** | : | **ജില്ലാ പ്രോഗ്രാം മാനേജർ**<br>(മൈക്രോ എന്റർപ്രൈസസ്, മാർക്കറ്റിംഗ്, മൈക്രോ ഫിനാൻസ്, എസ്.വി.ഇ.പി തുടങ്ങിയ വ്യത്യസ്ത മേഖലകളിൽ) |
| 2. | **ഒഴിവ്** | : | 5 (വിവിധ ജില്ലാ മിഷനുകളിൽ) |
| 3. | **നിയമന രീതി** | : | കരാർ നിയമനം<br>(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2020 വരെയായിരിക്കും കരാർ കാലാവധി) |
| 4. | **വിദ്യാഭ്യാസ യോഗ്യത** | : | അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള **എം.എസ്.ഡബ്ല്യൂ** അല്ലെങ്കിൽ **എം.ബി.എ.** അല്ലെങ്കിൽ **റൂറൽ ഡെവലപ്പ്മെന്റിൽ ബിരുദാനന്തര ബിരുദം** അല്ലെങ്കിൽ **PGDM** അല്ലെങ്കിൽ **PGDRM** |
| 5. | **പ്രായപരിധി** | : | 31/08/2019 ന് 45 വയസ്സിൽ കൂടാൻ പാടുള്ളതല്ല |
| 6. | **പ്രവൃത്തിപരിചയം** | : | കുടുംബശ്രീ മിഷനിൽ നിലവിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിൽ ജോലിചെയ്യുന്നവരായിരിക്കണം. |
| 7. | **വേതനം** | : | 30,000 രൂപ പ്രതിമാസ വേതനം. |

8. **ജോലിയുടെ സ്വഭാവം**

   1. കുടുംബശ്രീ ജില്ലാ മിഷനിലെ മാർക്കറ്റിംഗ്, മൈക്രോ ഫിനാൻസ്, എസ്.വി.ഇ.പി തുടങ്ങിയ വ്യത്യസ്ത മേഖലകളിലെ പ്രവർത്തനം
   2. സംസ്ഥാനത്തിനകത്തും, പുറത്തുമായി ഫീൽഡ്തല പ്രവർത്തനങ്ങൾ

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡാറ്റകൾ വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് പൂർണ്ണ അധികാരം സി.എം.ഡി.ക്കായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച് അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തുപരീക്ഷയും. ഇന്ററർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണ് അനുയോജ്യമായത് ആ രീതിയിൽ നിയമനപ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) നിലവിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നൽകിയ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmdkerala.net** എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി :** 20/09/2019, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online-അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.

2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
6. ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിലെ പ്രവൃത്തിപരിചയം പുതിയ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ